## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ.ടി.വി. ഐ.എ.എസ്സ്)

**ഉത്തരവ് നം:WCD/E6-10406/2020** തിരുവനന്തപുരം , തീയതി: 23/01/2021

വിഷയം : വനിതാ ശിശു വികസന വകുപ്പ് - ജീവനക്കാര്യം - വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ പുനർവിന്യാസം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സ.ഉ(കൈ) നം.37/2020/സാ.നീ.വ. തീയതി 28.12.2020

2. വനിതാ ശിശു വികസന ഡയറക്ടറുടെ 08/01/2021 തിയതിയിലെ മേൽ നമ്പർ ഉത്തരവ്.

3. ഈ കാര്യാലയത്തിലെ 23.10.2019 തീയതിയിലെ WCD-ഇ3(1)-23353/19 നമ്പർ ഉത്തരവ്

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിക്കുകയും ശേഷം ഇരു വകുപ്പുകളിലേയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് വിവിധ തസ്തികകളിലെ ജീവനക്കാരെ ഇരു വകുപ്പുകളിലേയ്ക്കും പുനർവിന്യസിക്കുകയും ആയതിന്റെ ഭാഗമായി വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരെ പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റവും പുനർവിന്യാസവും അന്തർജില്ലാ സ്ഥലംമാറ്റവും നടത്തി ക്രമീകരിച്ച് പരാമർശം 2 പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

വനിത ശിശു വികസന വകുപ്പിലെ ഓഫീസുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഓഫീസ് തല കേഡർ സ്ട്രങ്ത് നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം 3 ലെ ഭേദഗതി ഉത്തരവിൽ കോഴിക്കോട് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ ക്രമീകരിച്ചിരുന്ന രണ്ട് വാച്ച് വുമൺ തസ്തികകൾ തവനൂർ റസ്ക്യൂ ഹോമിൽ തന്നെ നിലനിർത്തി ഉത്തരവായിരുന്നു. എന്നാൽ വകുപ്പിന്റെ കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിച്ച് സർക്കാർ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ പ്രസ്തുത ഭേദഗതി വരുത്തിയിരുന്നില്ല. എന്നാൽ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള വനിതകളായ താമസക്കാരുള്ള സ്ഥാപനമായ റസ്ക്യൂ ഹോമിൽ വാച്ച് വുമണിന്റെ സേവനം അനിവാര്യമാണെന്നുള്ളതിനാൽ പരാമർശം 3 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 ലെ ഉത്തരവിലെ വാച്ച് വുമൺ തസ്തികയിലെ

ജീവനക്കാരുടെ പുനർവിന്യാസത്തിലെ ക്രമ നം.4, 5 എന്നിവയിലെ ജീവനക്കാരെ ചുവടെ ചേർക്കും പ്രകാരം പുനർവിന്യസിച്ച് ഭേദഗതി വരുത്തി സർക്കാർ സാധൂകരണത്തിന് വിധേയമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | വാച്ച് വുമൺ തസ്തികയിൽ പുനർവിന്യസിച്ച് നിയമിക്കുന്ന കാര്യാലയം. | അഭിപ്രായം |
|---|---|---|---|---|
| **മലപ്പുറം** | | | | |
| 4 | ശ്രീമതി.സുനിത.കെ.എസ്സ് | റസ്ക്യൂ ഹോം , മലപ്പുറം | റസ്ക്യൂ ഹോം , മലപ്പുറം | |
| 5 | ശ്രീമതി.അമീറ കാപ്പിൽ | റസ്ക്യൂ ഹോം , മലപ്പുറം | റസ്ക്യൂ ഹോം , മലപ്പുറം | |

കൂടാതെ, പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിലെ തസ്തികമാറ്റം അനുവദിച്ച ജീവനക്കാരുടെ പട്ടികയിലെ ക്രമ നമ്പർ 3 ൽ ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ഗവ.വൃദ്ധസദനത്തിലെ വാച്ച്മാൻ തസ്തികയിലെ ജീവനക്കാരനായ ശ്രീ.ഷിനോ.പി.ആറിനെ തസ്തികമാറ്റി നിയമിക്കുന്ന കാര്യാലയം പറക്കോട് ശിശു വികസന പദ്ധതി ഓഫീസ് എന്ന് ഭേദഗതി വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഭേദഗതികളോടെ രണ്ടാം പരാമർശിത ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്:</u>

1. ബന്ധപ്പെട്ട കീഴ് കാര്യാലയ മേധാവികൾക്ക്
2. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്